പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3288 25/06/2012 - ൽ മറുപടിക്ക്

## കോൾഡ് ചെയിൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ:<br>,, ഹൈബി ഈഡൻ:<br>,, വർക്കല കഹാർ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കോൾഡ് ചെയിൻ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) 1992-1993 വർഷത്തിൽ 481.90 ലക്ഷം രൂപ മുതൽ മുടക്കിൽ മത്സ്യസംസ്ക്കരണത്തിനും വിതരണത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനായി കോൾഡ് ചെയിൻ പദ്ധതിയിലൂടെ ഉദ്ദേശിച്ചിരുന്നു. പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. |
| (ബി) മൽസ്യവിഭവത്തിന്റെ ഗുണമേൻമയും വിനിയോഗവും ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊളളിച്ചിട്ടുളളത് ; വിശദമാക്കുമോ ; | (ബി) മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ ഐസ് ഉൽപ്പാദിപ്പിക്കുന്നതിനായി നാല് ഐസ് പ്ലാന്റുകൾ നവീകരിക്കുകയും മത്സ്യം സംസ്ക്കരിക്കുന്നതിനും വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനുമായി കൊച്ചിയിലുള്ള മത്സ്യഫെഡ് ഐസ് & കോൾഡ് സ്റ്റോറേജ് നവീകരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യം കൂടുതലായി ലഭ്യമാകുന്ന സാഹചര്യങ്ങളിൽ അധികമുള്ള മത്സ്യം കേട് കൂടാതെ ഫ്രീസ് ചെയ്തു സൂക്ഷിക്കുന്നതിനും ഗുണമേന്മ നഷ്ടപ്പെടാതെ മത്സ്യം ഉപഭോക്താക്കളിൽ എത്തിക്കുന്നതിനും ഈ സൗകര്യം വഴി സാധിച്ചു. തല്ഫലമായി മത്സ്യത്തൊഴിലാളികൾ കൊണ്ടുവരുന്ന മത്സ്യത്തിന് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിന് ഈ പദ്ധതി വഴിയൊരുക്കിയിട്ടുണ്ട്. |

(സി) പ്രസ്തുത പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ ?

(സി) 1992-1993 വർഷം മുതലാണ് 481.90 ലക്ഷം രൂപയുടെ കോൾഡ് ചെയിൻ പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കിയിട്ടുള്ളത്. നിലവിൽ മത്സ്യഫെഡ് കോൾഡ് ചെയിൻ പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ